മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

1114 [2043] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവ്വേദ വൈദ്യൻമാർക്ക് മുഴുവൻ ബാധകമാകുന്ന രീതിയിലുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു കൊണ്ടുവരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ ഇപ്പോഴും ഏതെല്ലാം പ്രദേശങ്ങളിൽ വ്യത്യസ്തമായ നിയമങ്ങൾ നിലവിലുണ്ട്?

ഉത്തരം

(എ) ആയുർവ്വേദ വൈദ്യൻമാർക്ക് മാത്രം ബാധകമാകുന്ന രീതിയിലുള്ള ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുവാൻ ഉദ്ദേശമില്ല, എന്നാൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നീ മൂന്നു വിഭാഗത്തിനും, ബാധകമാകുന്ന രീതിയിൽ ഒരു ഏകീകൃത കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ട്. അതിൻറെ കരടു ബിൽ തയ്യാറാക്കുകയാണ്. കരടു ബിൽ തയ്യാറാക്കുന്ന മുറക്ക് നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) മുൻ തിരു-കൊച്ചി സംസ്ഥാനം ഉൾപ്പെടുന്ന പ്രദേശത്ത് 1953–ലെ തിരുവിതാംകൂർ കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടും, മലബാർ പ്രദേശത്ത് മദ്രാസ് മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്ടും നിലവിലുണ്ട്. 1973–ലെ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ ആക്ട് കേരളത്തിലെ മുഴുവൻ ആയുർവേദ വൈദ്യൻമാർക്ക് ബാധകമാണ്.

മൊകേരിയിൽ ആയുർവ്വേദ ഡിസ്പെൻസറി

1115 [2044] ശ്രീ. കെ. ററി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ പഞ്ചായത്തിലെ മൊകേരിയിൽ ആരോഗ്യവകുപ്പിൻറെ കൈവശമുള്ള സ്ഥലത്ത് ഒരു ആയുർവേദ ഡിസ്പെൻസറി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേയ്ക്കായി കെട്ടിടം നാട്ടുകാർ നിർമ്മിച്ചു തരാൻ തയ്യാറാണെന്ന് ഡിപ്പാർട്ടുമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ധനലഭ്യതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

കായക്കൊടി ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിൻറെ ശോച്യാവസ്ഥ

1116 [2045] ശ്രീ. കെ. ടി. കണാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായക്കൊടി ആയുർവ്വേദ ഡിസ്പെൻസറി കെട്ടിടത്തിൻറെ ശോച്യാവസ്ഥ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly